(ബി) ഈ സ്ഥിതി വിശേഷം മാറ്റിയെടുക്കാൻ തൊഴിൽ നിയമം ലംഘിക്കുന്നവർക്ക് കനത്ത ശിക്ഷ നൽകാൻ നിയമത്തിനാവശ്യമായ ഭേദഗതി വരുത്തുമോ?

ഉത്തരം

(എ) തൊഴിൽ നിയമലംഘനകേസ്സുകളിൽ നിയമലംഘകർക്ക് നാമമാത്രമായ ശിക്ഷ മാത്രം നൽകുന്നതു മൂലമാണ് തൊഴിൽ ലംഘന കേസുകൾ ക്രമാതീതമായി വർദ്ധിക്കുന്നത് എന്നു ഗവൺമെൻറിനു അഭിപ്രായമില്ല.

(ബി) കനത്ത ശിക്ഷ തൊഴിൽ നിയമലംഘനത്തിനു പ്രതിവിധിയാകുമോ എന്നു പരിശോധിക്കാവുന്നതാണ്.

തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുവാൻ ഉദ്ദേശ്യം

744 [1089] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊഴിൽ നിയമങ്ങൾ പുതുക്കി കാലോചിതമായി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ മാറ്റുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്. തൊഴിൽ നിയമങ്ങൾ പരിശോധിച്ച് വേണ്ട ഭേദഗതികൾ നിർദ്ദേശിക്കുവാൻ ലേബർ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിയമിച്ചിട്ടുണ്ട്.

(ബി) എല്ലാ നിയമങ്ങളിലും എന്നതുപോലെ തൊഴിൽ നിയമങ്ങളിലും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട് എന്നു ഗവൺമെൻറ് വിശ്വസിക്കുന്നതാണ് കാരണം.

നെമ്മിനി, അമ്മിനിക്കാട് റിസർവ്വോയറുകൾ

745 [1090] ശ്രീ കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നെമ്മിനി, അമ്മിനിക്കാട് റിസർവ്വോയറുകൾക്ക് എസ്റ്റിമേറുകൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ പ്രവർത്തികൾ എന്ന് ആരംഭിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) നെമ്മിനി റിസർവ്വോയറിൻറെ പണി വരുന്ന സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അമ്മിനിക്കാട് റിസർവ്വോയറിന്റെ പണിയും 1979.80 അവസാനത്തിനു മുമ്പ് ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കടലാക്രമണ നിരോധനം

746 [1096] ശ്രീ. കല്ലട നാരായണൻ:
ശ്രീ. ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ നിരോധനത്തിനു വേണ്ടി ഈ വർഷം എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം വ്യക്തമാക്കുമോ;

(ഡി) കൊല്ലത്തെ കടലാക്രമണത്തിന് ശാശ്വതമായ ഒരു പരിഹാരം ഉണ്ടാക്കുന്നതിന് തങ്കശ്ശേരി മുതൽ പള്ളിത്തോട്ടം വരെ ഒരു ബ്രേക്കു വാട്ടർ നിർമ്മിക്കാൻ എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ഇ) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1979 ജനുവരി അവസാനം വരെ 4,00,18,880 രൂപ.

(ബി & സി) നടപ്പു വർഷത്തിൽ മൊത്തം 4.340 കോടി രൂപയാണ കടലാക്രമണ പ്രതിരോധന നടപടികൾക്കായി വക കൊള്ളിച്ചിട്ടുള്ളത്. അതിൽ 3 കോടി രൂപ വായ്പാ സഹായമായി കേന്ദ്രം നൽകുന്നതാണ്. ഇതിൽ ഒരു കോടി രൂപ കേന്ദ്ര ഗവൺമെന്റ് നൽകിക്കഴിഞ്ഞു. കൂടാതെ ഇക്കഴിഞ്ഞ വെള്ളപ്പൊക്കത്തിലും പേമാരിയിലും ഉണ്ടായ നാശനഷ്ടങ്ങൾ നേരിടാനും അറ്റകുറ്റ പണികൾക്കുമായി മുൻകൂർ പദ്ധതി സഹായമായി (സംസ്ഥാന വിഹിതം) 67 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ കേന്ദ്ര വിഹിതമായ 133 ലക്ഷം രൂപകൂടി ലഭ്യമാകുന്നതാണ്.

(ഡി & ഇ) പ്രസ്തുത തീരത്ത് കടലാക്രമണ പ്രതിരോധ നടപടികൾ ശാശ്വതമായി നടപ്പാക്കുന്നതിലേക്കു കോസ്റ്റൽ ഇറോഷൻ സ്റ്റഡീസ് ഡയറക്ടറേറ്റിന്റെ റിപ്പോർട്ട് അടിസ്ഥാനമാക്കി ഡിപ്പാർട്ടുമെന്റ് വേണ്ട നടപടികൾ കൈക്കൊണ്ടു വരികയാണ്. പരീക്ഷണാർത്ഥം ഒരു ''ഡിറാച്ച്ഡ് ബ്രേക്കു വാട്ടർ'' (ഓഫ് ഷോർ ബ്രേക്കു വാട്ടർ) നിർമ്മിക്കുവാൻ കഴിയുമോ എന്നു പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly